## 20 ജൂൺ 2010

# പെന്തിക്കൊസ്തിക്കുശേഷം നാലാം ഞായർ

## ലൂക്കോ 6:27-36

**- ഫാ. ഗീവർഗീസ് കൈതവന**

വി. മത്തായി എഴുതിയ സുവിശേഷം 5-7 അധ്യായങ്ങൾ ഗിരിപ്രഭാഷണം എന്നറിയപ്പെടുമ്പോൾ ലൂക്കായുടെ സുവിശേഷം 6:17-49 വാക്യങ്ങളെ സമതല പ്രഭാഷണം എന്നാണ് വിളിക്കുന്നത്. പഴയനിയമത്തിന്റെ പുതിയ പതിപ്പുകളോടെ, പഴയനിയമത്തിന്റെ പൂർത്തീകരണത്തെ ധ്വനിപ്പിക്കുന്ന പ്രസംഗമാണ് ഗിരിപ്രഭാഷണത്തിലേത്. വി. ലൂക്കോസാകട്ടെ വിജാതീയരുടെ ജീവിതദർശനം രൂപീകരിക്കുവാനായി സമതല പ്രസംഗത്തെ ഒരുക്കുന്നു. യേശുവിന്റെ ഗലീലിയായിലെ ശുശ്രൂഷയിലാണ് വി. ലൂക്കോസ് സമതല പ്രസംഗം ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥിക്കുവാനായി മലയിലേയ്ക്കു കയറിയ (6:12-16) യേശു അവരോടൊപ്പം സമതലത്തിലേക്കിറങ്ങുന്നു (6:17). അവിടെ അവന്റെ വചനം ശ്രവിക്കാനും രോഗശാന്തി നേടാനുമായെത്തിയ ജനക്കൂട്ടത്തെ പഠിപ്പിക്കുന്നു. അത്തരത്തിലുള്ള യേശുവിന്റെ പ്രബോധനങ്ങളിൽ ഒന്നാണ് ഈ ഞായറാഴ്ചത്തെ വേദഭാഗം.

വി. അഗസ്റ്റിൻ ദൈവത്തിന്റെ അസ്തിത്വം ഉണ്ട് എന്നു വെളിപ്പെടുത്താനുപയോഗിക്കുന്ന ന്യായങ്ങളിലൊന്ന് ഇങ്ങനെയാണ്; നമുക്കൊരാളോട് കരുണ തോന്നുന്നുവെങ്കിൽ അതിനർത്ഥം ദൈവമുണ്ട് എന്നാണ്. നാമിന്നു കേട്ട വേദഭാഗം അവസാനിക്കുന്നത് ഏതാണ്ട് ഇതിനു സമാനമായ ആശയത്തോടെയാണ്. "നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ"(6:36). അങ്ങനെ ചിന്തിക്കുമ്പോൾ ഇന്നത്തെ സുവിശേഷം കാരുണ്യത്തിന്റെ വഴികൾ, ഒരുവൻ ജീവിക്കുന്ന സമൂഹത്തിൽ ദൈവം ഉണ്ട് എന്നു തെളിയിക്കുന്നതാണ്. ഒരുവന്റെ പ്രവർത്തികളിലൂടെ, സാന്നിദ്ധ്യത്തിലൂടെ, ദൈവം ഉണ്ട് എന്നു തെളിയിക്കാനാവകും. എന്തെന്നാൽ നമ്മൾ കരുണ കാണിക്കുന്നത്, ദൈവം കരുണയുള്ളവൻ ആയതിനാലാണ്. ദൈവത്തിന്റെ കരുണയുടെ സ്വഭാവം നിവർത്തിയാക്കേണ്ട നാലു മേഖലകളാണ് യേശു ചൂണ്ടിക്കാട്ടുന്നത്.

**1. ശത്രുക്കളെ സ്നേഹിക്കുക**

തിരിച്ചൊന്നും പ്രതീക്ഷിക്കാതെ മറ്റുള്ളവർക്കു നന്മചെയ്യുക എന്നതാണ് ക്രിസ്തീയ കാരുണ്യമെങ്കിൽ, പകയില്ലാതെ, ജീവിതത്തിന്റെ സമസ്ത മേഖലകളെയും നശിപ്പിച്ചവനോട് - ശത്രുവിനോട് - സ്നേഹപൂർവ്വം പെരുമാറുമെങ്കിൽ അത് കരുണയുള്ള ഹൃദയം ഉള്ളതിനാലാണ്. കരുണയുള്ളവർക്കെ ക്ഷമിക്കുവാനും സ്നേഹിക്കുവാനുമാകൂ. ക്രൂശിൽ ക്രിസ്തുവിന്റെ കാരുണ്യം വെളിവാകുന്നത്, പിതാവേ, ഇവർ ചെയ്യുന്നത് എന്താണെന്ന് അറിയാത്തതിനാൽ ഇവരോടു ക്ഷമിക്കണമേ എന്ന് പ്രാർത്ഥിച്ചതിനാലാണ്. ശത്രുവിനോട് അവൻ പ്രവർത്തിച്ച അതേ നാണയത്തിലൂടെ പ്രതികരിക്കുകയാണ് നാം ചെയ്യുന്നതെങ്കിൽ നാം നമ്മെയും ദൈവത്തെയും പ്രതിക്കൂട്ടിലാക്കുന്നു. കാരണം, ദൈവം കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനുമാണ്.

**2. ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുക**

ക്രിസ്തുവിന്റെ ചോദ്യം പ്രസക്തമാണ്. നിങ്ങൾക്കു നന്മ ചെയ്യുന്നവർക്ക് നിങ്ങൾ നന്മ ചെയ്യുന്നതിൽ എന്തു മേന്മയാണുള്ളത്? (6:33). ആർക്ക് എങ്ങനെ നന്മചെയ്യുന്നതിൽ നാം എന്ന് യേശു ഓർമ്മിപ്പിക്കുന്നു. നമുക്കു സ്തുതി പാടുന്നവർക്കോ നമ്മുടെ നന്മ കൊതിക്കുന്നവർക്കോ വളർത്തി വലുതാക്കിയവർക്കോ അല്ല, നന്മ ചെയ്യുമ്പോൾ പ്രാധാന്യം നൽകേണ്ടത്. നിന്നെ ഇഷ്ടമില്ലാത്തവർക്കും തള്ളിപ്പറഞ്ഞവർക്കും ദ്വേഷിച്ചവർക്കുമാണ്. പാരമ്പര്യ കഥാപാത്രമായ ലൊങ്കിനൂസിനു ലഭ്യമായത് അതാണ്. യേശുവിന്റെ ചങ്കിൽ കുന്തം കുത്തിയിറക്കിയവനോട് ക്രിസ്തുവിന്റെ പ്രതികരണം കാഴ്ച നൽകിക്കൊണ്ടായിരുന്നു. ക്രിസ്തുവിന്റെ കരുണയായിരുന്നു പിന്നീടവന്റെ ജീവിതം. നന്മ എങ്ങനെ ചെയ്യണമെന്നും ഓർമ്മിപ്പിക്കുന്നു, "തിരിച്ചുകിട്ടും എന്നു പ്രതീക്ഷിക്കാതെ നന്മ ചെയ്യുക" (35) അതാണ് കരുണ.

**3. ശപിക്കുന്നവരെ അനുഗ്രഹിക്കുക**

അനുഗ്രഹിക്കുന്ന ദൈവത്തെയാണ് വി. ഗ്രന്ഥം ഉൽപ്പത്തിപുസ്തകത്തിൽ അവതരിപ്പിക്കുന്നത്. സൃഷ്ടിക്കപ്പെട്ടവയെല്ലാം നന്നായിരിക്കുന്നുവെന്നു മനസ്സിലാക്കി അനുഗ്രഹിക്കുന്നു. ആദിമാതാപിതാക്കൾക്കു ലഭിച്ച ശിക്ഷപോലും, ഒരു പുനർ വിചിന്തനത്തിൽ അനുഗ്രഹത്തിന്റെ വാഗ്ദാനമാണ്. ദൈവം കരുണയുടെ നിറകുടമായതിനാലാണ്, സോദോം ഗോമോറായിൽ പത്തു നീതിമാന്മാരുണ്ടെങ്കിൽ ആ നഗരത്തെ നശിപ്പിക്കില്ല എന്നു പറഞ്ഞത്. കരുണയുടെ ഹൃദയം ഉള്ളവർക്കെ അനുഗ്രഹത്തിന്റെ വലതുകരം ഉയർത്താനാകു.

**4. അധിക്ഷേപിക്കുന്നുവർക്കുവേണ്ടി പ്രാർത്ഥിക്കുക**

പ്രാർത്ഥനയുടെ ഒരു പുതിയ രീതിയാണ് ക്രിസ്തു ചൂണ്ടിക്കാട്ടുന്നത്. ഇതുവരെ നമ്മുടെ പ്രാർത്ഥനകളിൽ അപരൻ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ, നിന്റെ ജീവിതത്തെ അധിക്ഷേപിക്കുകയും ആക്ഷേപത്തിന്റെ പാനപാത്രം കുടിപ്പിക്കുന്നവനും ആണെങ്കിൽകൂടി അവനെ സ്നേഹപൂർവം സ്നേഹപൂർവ്വം ആശ്ലേഷിക്കുവാൻ നാം തയ്യാറാകണം. സ്തേഫാനോസ് യേശുവിനെ പ്രസംഗിക്കുന്ന രംഗം; കൂടെ നിന്നവർ യേശുവിനെയും പ്രസംഗിച്ച സ്തേഫാനോസിനെയും അധിക്ഷേപിച്ച് സംസാരിക്കുന്നു. സ്തേഫാനോസിനെ കല്ലെറിയുന്നു. പക്ഷേ അവൻ ഇങ്ങനെ പ്രാർത്ഥിക്കുന്നു. "കർത്താവേ ഈ പാപം ഇവരുടെമേൽ ആരോപിക്കരുതേ" (അ.പ്ര 7:60). കരുണയുള്ള ഹൃദയമുള്ളവർക്കെ അവർക്കായി പ്രാർത്ഥിക്കാനാകൂ. അവർക്കു മാത്രമേ ദൈവത്തെ മറ്റുള്ളവർക്കു കാണിച്ചുകൊടുക്കാനാകൂ.

ഈ നാലു പ്രവർത്തനങ്ങളുടെയും ലക്ഷ്യബോധം ഒന്നുതന്നെയാണ്. ദൈവത്തിന്റെ കരുണ മനുഷ്യനിലൂടെ പ്രകടമാക്കുക. അതനുഭവിക്കുന്നവർ കരുണയുള്ള കർത്താവിന്റെ മുഖം കണ്ടുപിടിക്കും. പരിശുദ്ധാത്മ ശക്തിയാൽ ഈ കൃപയിൽ നിറയാം.

***********************